## ഏലിയാ സ്ലീവാക്കാലം ഏഴാം ഞായർ

**ലൂക്കാ 8:41-56**

# അവൾ സ്പർശിച്ചു: അവർ പരിഹസിച്ചു?

**റവ. ഡോ. ആൻസൻ പാണേങ്ങാടൻ സിഎംഐ**

പുൽവാമയിൽ നടന്ന ഭീകരാക്രമണത്തിൽ അതിദാരുണമായി കൊല്ലപ്പെട്ട സിആർപിഎഫ് ജവാൻ ശിവചന്ദ്രയുടെ അമ്മ മകനെക്കുറിച്ചുള്ള ഓർമ്മ കുറിച്ചത് ഇപ്രകാരമാണ്: "കഴിഞ്ഞ മാസം മകൻ വന്നപ്പോൾ തിരികെ പോകരുത് എന്ന് ഞാൻ ആവശ്യപ്പെട്ടതാണ്. ഒരു മകൻ നേരത്തെ മരണമടഞ്ഞതിനുശേഷം എനിക്കുള്ള ഏക ആശ്വാസം അവനായിരുന്നു." അന്നവൻ മറുപടി പറഞ്ഞത്, "അമ്മയാണ് എനിക്കു ജന്മം നല്കിയതെങ്കിലും, എന്റെ ജീവൻ രാജ്യത്തിന് അവകാശപ്പെട്ടതാണ്"എന്നാണ്. "മരിക്കുകയാണെങ്കിൽ പട്ടാളക്കാരനായി മരിക്കണം" എന്നും അവൻ പറഞ്ഞു. തുടിക്കുന്ന ജീവൻ നാടിനു വേണ്ടി സമർപ്പിച്ച ധീരജവാന്റെ സംഭവമാണിതെങ്കിൽ ജീവൻ തുടിക്കുന്ന വിശ്വാസത്തിന്റെ നേർസാക്ഷ്യമായി ലൂക്കാ 8:41-56 വരെയുള്ള സുവിശേഷഭാഗത്ത് രണ്ട് വ്യക്തികളെ ഇന്നത്തെ ചിന്തയ്ക്കായി തിരുസഭാമാതാവ് പരിചയപ്പെടുത്തുന്നുണ്ട്. രക്തസ്രാവക്കാരി സ്ത്രീയും സിനഗോഗധികാരിയായ ജായ്റോസും. മാർത്തോമ്മാ ക്രിസ്ത്യാനികളാണെന്നും ദീർഘനാളത്തെ വിശ്വാസപാരമ്പര്യമുണ്ടെന്നുമൊക്കെ അവകാശപ്പെടുന്ന നമ്മുടെ മുന്നിലുള്ള രണ്ട് വിശ്വാസ പാഠപുസ്തകങ്ങളാണ് ഈ രണ്ടുപേരും. രണ്ട് സുവിശേഷവചനങ്ങളെ ആസ്പദമാക്കി വിചിന്തനങ്ങൾ ക്രമീകരിക്കട്ടെ.

### 1. പിന്നിലൂടെ വന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ അവൾ സ്പർശിച്ചു (ലൂക്കാ 8:44)

എന്തിനാണ് അവൾ പിന്നിലൂടെ വന്നത്? പുരുഷമേധാവിത്വത്തിന്റെ നാളുകളിൽ സ്ത്രീകൾ പൊതുവിൽ അവഗണിക്കപ്പെട്ടവരായിരുന്നു. രക്തസ്രാവക്കാരിയായതിനാൽ അശുദ്ധയെന്ന് മുദ്ര കുത്തപ്പെട്ടവൾ, സ്വന്തമായി ഒരു മുഖവുര ഇല്ലാത്തവൾ, യേശുവിനെ അഭിമുഖീകരിക്കാൻ ആത്മധൈര്യം ഇല്ലാതിരുന്നവൾ, പന്ത്രണ്ടു വർഷം ചികിത്സിച്ച് ദരിദ്രയായവൾ, മരണത്തിന്റെ കൂടെ വർഷങ്ങളായി നടന്നവൾ. അവൾ യോഗ്യതയില്ലെന്ന് സ്വയം തിരിച്ചറിഞ്ഞ് പിന്നിലൂടെ വന്ന് അവൾ യേശുവിനെ തൊട്ടു. രക്തസ്രാവക്കാരി നല്കുന്ന വിശ്വാസസ്പർശത്തിന്റെ പാഠങ്ങളോടൊപ്പം, കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിഞ്ഞ് അവഗണിക്കപ്പെടുന്നവരെ കൂടെ നിർത്തുന്നതിനും ഹൃദയംകൊണ്ട് അവരെയൊക്കെ സ്പർശിക്കുന്നതിനും ഓർമ്മിപ്പിക്കുന്ന സുവിശേഷം. ചുരുക്കിപ്പറഞ്ഞാൽ കോവിഡിന്റെ പേരിൽ അവഗണിക്കപ്പെടുന്ന വലിയൊരു സമൂഹത്തെ ഹൃദയത്തോട് ചേർത്തുനിർത്തുന്നതിനും അർഹമായ മാനുഷിക പരിഗണന അവർക്കു നല്കുന്നതിനും അങ്ങനെ ക്രിസ്തുവിനു പകരക്കാരാകുന്നതിനും നമുക്കാകുമോ? അവരെ സ്വന്തമായി കരുതുന്ന ആരോഗ്യപ്രവർത്തകർക്കും യാതൊരു നിർബന്ധവും കൂടാതെ സ്വജീവൻ പണയംവച്ചും ഈ അവഗണിക്കപ്പെടുന്നവരെ ശുശ്രൂഷിക്കാനിറങ്ങിയിരിക്കുന്ന സന്നദ്ധപ്രവർത്തകർക്കുമിരിക്കട്ടെ ഒരു ബിഗ് സല്യൂട്ട്!

### 2. അവർ അവനെ പരിഹസിച്ചു (ലൂക്കാ 8:53)

യേശു ജായ്റോസിന്റെ ഭവനത്തിൽ പ്രവേശിച്ച് 'കുട്ടി മരിച്ചിട്ടില്ല, അവൾ ഉറങ്ങുകയാണ്' എന്നു പറഞ്ഞപ്പോൾ അവിടെ കൂടിയിരുന്നവരുടെ പ്രതികരണമായിരുന്നു 'പരിഹാസം'. 21-ാം നൂറ്റാണ്ടിനിപ്പുറവും മനുഷ്യവർഗത്തിന്റെ ശാപമാണ് നീതിയാണോ അനീതിയാണോയെന്നൊന്നും നോക്കാതെ ചുമ്മാ ജനക്കൂട്ടത്തിന്റെ ശബ്ദത്തിന്റെ കൂടെ നിൽക്കുക. രാഷ്ട്രീയത്തിലും പൊതുമേഖലകളിലും സഭാസമൂഹങ്ങളിലുമൊക്കെ ഉടലെടുത്തുകൊണ്ടിരിക്കുന്ന ഭയപ്പെടുത്തുന്ന പ്രവണതയാണിത്. സത്യമാണെങ്കിൽപ്പോലും ഒറ്റപ്പെട്ട ശബ്ദങ്ങളെ ഒതുക്കിത്തീർക്കുക അല്ലെങ്കിൽ ചവിട്ടിത്തേക്കുക എന്നത്. സുവിശേഷത്തിൽ മാനുഷിക പരിമിതികളിൽ ഭ്രമണം ചെയ്യുന്നതാണ് സമൂഹത്തിന്റെ പരിഹാസം. എങ്കിലും നമ്മുടെ വലിയ ദുരന്തങ്ങളിലും നിലച്ചുപോയി എന്നുറപ്പിച്ച നിമിഷങ്ങളിലും നാം കാണാത്ത വഴികൾ തുറക്കുന്നവനാണ് തമ്പുരാൻ. കരിപ്പൂരിൽ ആഗസ്റ്റ്

മാസം റൺവേയിൽ നിന്ന് തെന്നിമാറി മൂന്ന് ഭാഗങ്ങളായി ചിതറിയ എയർ ഇന്ത്യ വിമാനത്തിലെ 191 യാത്രക്കാരിൽ 170–ൽ ഏറെപ്പേർ രക്ഷപ്പെട്ടെങ്കിൽ അത് അദ്ഭുതമാണ്. മനുഷ്യമനസ്സിന് സങ്കൽപ്പിക്കാനാകുന്നതിന്റെ അപ്പുറത്ത് നിൽക്കുന്ന അദ്ഭുതം. അതുകൊണ്ട് ജായ്റോസിന്റെ മകളെ ഉയിർപ്പിച്ച രക്ഷകൻ, ചീഞ്ഞഴുകിയ ലാസറിന് 4 ദിവസം കഴിഞ്ഞ് ജീവൻ നല്കിയ രക്ഷകൻ അടുത്തുനിൽപ്പുണ്ട്. ഒരു വിളി മതി നിന്റെ രക്ഷയ്ക്കായി.

ബൈബിളിന്റെ താളുകളിൽ വിപ്ലവം ചാലിച്ച ശിഷ്യനാണ് തോമസ്. വ്യക്തമായ ധാരണയോടെ മാത്രം ഒരാൾ ഉള്ളിൽ വരച്ചിടേണ്ട ചിത്രമാണ് ക്രിസ്തു എന്ന് തിരിച്ചറിഞ്ഞ ശിഷ്യൻ. ക്രിസ്തുവിനെ കണ്ടെന്നു പറഞ്ഞ് ഊറ്റം കൊണ്ട ഇതരശിഷ്യരെ തോമാ സംശയിച്ചതിൽ അദ്ഭുതമില്ല. ശിഷ്യർ ഒരു പരിധി വരെ അഭിപ്രായങ്ങളിൽ സ്ഥിരതയില്ലാത്തവരായിരുന്നു. അപകടനേരത്ത് ഗുരുവിനെ ഒറ്റയ്ക്കു നിറുത്തി മാറിക്കളഞ്ഞവരായിരുന്നു. അതുകൊണ്ടുതന്നെ തോമസ് അവരുടെ വാക്കുകളിൽ അവിശ്വാസം കൊണ്ടത് സ്നേഹത്തിലും വിശ്വാസത്തിലും കലർപ്പുണ്ടാകരുതെന്ന പിടിവാശി കൊണ്ടായിരിക്കണം. മനുഷ്യന്റെ ധീരമായ വിശ്വാസസമീപനത്തിന്റെ ഒളിമങ്ങാത്ത സാക്ഷ്യമായി തോമസിനെ കാണാം.

വേറിട്ടൊരു ചിന്തയോടെ വിചിന്തനം നിറുത്തട്ടെ;

“ഒരു തലവേദന വന്നപ്പോൾ...

ചായക്കടക്കാരൻ മരുന്നുകടയിൽ പോയൊരു

മരുന്നു വാങ്ങിക്കഴിച്ചും...

മരുന്നുകടക്കാരൻ ചായക്കടയിൽ പോയി

ഒരു ചായ വാങ്ങിക്കുടിച്ചും...

തലവേദന മാറ്റി...”

വിശ്വസിക്കാം ദൈവത്തിലും സഹജരിലും.